**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1544**
**14.7.2016 ലെ മറുപടിക്ക്**

**<u>വികസന പ്രവൃത്തികളുടെ പുരോഗതി നിയമസഭാംഗങ്ങളെ അറിയിക്കുന്നതിന് നടപടി</u>**

| ചോദ്യം<br>ശ്രീ.കെ.ജെ.മാക്സി | | ഉത്തരം<br>Dr.T.M. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നിയോജക മണ്ഡലങ്ങളിൽ നടക്കുന്ന വിവിധ വകുപ്പുകളുടെ നിർമ്മാണ - വികസന പ്രവൃത്തികളുടെ പുരോഗതി, ഭരണാനുമതി ലഭിച്ചത് മുതൽ പ്രവൃത്തികൾ ഏതു ഘട്ടം വരെ എത്തി എന്നത് സംബന്ധിച്ച വിശദാംശങ്ങൾ തുടങ്ങിയവ നിയമസഭാംഗങ്ങൾക്ക് ഓൺ ലൈനായി ലഭ്യമാക്കുന്നതിനുള്ള ഒരു സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് വരെയുള്ള നടപടികൾക്കായി ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം, (ads.kerala.gov.in) നിലവിലുണ്ട്. ഭരണാനുമതി ലഭിച്ചു മുതൽ പ്രവൃത്തികൾ ഏത് ഘട്ടം വരെ എത്തി എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നത് പരിശോധിക്കുന്നതാണ്. എം.എൽ.എ - എസ്.ഡി.എഫ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ On line -ൽ ലഭ്യമാക്കുന്നതിനായി Planning Board ന്റെ നേതൃത്വത്തിൽ ഒരു സോഫ്റ്റ് വെയർ സംവിധാനം വികസിപ്പിച്ചുകൊണ്ടിരിക്കുക യാണ്. |
| (ബി) | ആസ്തി വികസന പദ്ധതിയിലേയും എസ്.ഡി.എഫി - ലെയും പ്രവൃത്തികളുടെ പുരോഗതി (സ്റ്റാറ്റസ് റിപ്പോർട്ട്) ഓരോ മാസവും അംഗങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ആസ്തിവികസന പദ്ധതി, എം.എൽ.എ -എസ്.ഡി.എഫ്. എന്നിവയിലെ പ്രവൃത്തികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് ഓരോ നിയമസഭാ സാമാജികർക്കും ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ നേരിട്ട് ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**